# കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദ പ്രവേശനം 2019 - ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പ്രോസ്പെക്ട്സ് നന്നായി വായിച്ച ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ നടത്തുക.

2. എസ്സ്.എസ്സ്.എൽ.സി. യിലെ പോലെ തന്നെ പേര്, ജനന തീയതി എന്നിവ നൽകാൻ ശ്രദ്ധിക്കുക.

3. കേരളീയനാണോ അല്ലയോ എന്നത് കൃത്യമായി നൽകുക. അല്ലാത്ത പക്ഷം അലോട്ട്മെന്റിനെ തന്നെ ബാധിക്കുന്നതാണ്.

4. കാറ്റഗറി തെരഞ്ഞെടുക്കുമ്പോൾ എസ്സ്.എസ്സ്.എൽ.സി. അല്ലെങ്കിൽ ജാതി സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കുക. തെറ്റിച്ചു നൽകിയാൽ അലോട്ട്മെന്റ് തെറ്റായിവരികയും പ്രവേശനത്തിന് ബുദ്ധിമുട്ടുണ്ടാകുകയും ചെയ്യും. ഫീസ് അടക്കുന്നതിലും തെറ്റുകൾ സംഭവിക്കാം.

5. ഇ.ബി.എഫ്.സി. - മുന്നാക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണം ആണ്. റേഷൻ കാർഡ് ഇതിനു അടിസ്ഥാന രേഖയല്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നോ റവന്യൂ അധികാരികളിൽ നിന്നോ ഉള്ള രേഖകളാണ് ആവശ്യമായി വരുന്നത്.

6. മൊബൈൽ നമ്പർ - ഓൺലൈൻ അപേക്ഷയിൽ നൽകുന്ന മൊബൈൽ നമ്പർ പ്രവേശന നടപടികൾ പൂർത്തിയാകുന്നത് വരെ മാറ്റരുത്. കാരണം പ്രവേശനത്തെ സംബന്ധിച്ച മെസ്സേജുകൾ ഈ നമ്പറിലേക്ക് ആണ് അയക്കുന്നത്.

7. പ്രോസ്പെക്ടസിൽ അനുബന്ധമായി ചേർത്തിരിക്കുന്ന ജാതി ലിസ്റ്റ് പരിശോധിച്ച ശേഷം മാത്രം ഒ.ഇ.സി. ഉടങ്ങിയ ജാതികൾ രേഖപ്പെടുത്തുക. ജാതിയെ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിന് മുൻപ് പ്രോസ്പെക്ട്സ് വിശദമായി വായിക്കുക.

8. ഭിന്ന ശേഷി (Differntly Abled) ഉള്ളവർക്കായുള്ള സീറ്റിന് അപേക്ഷിക്കുന്നവർ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് (കാലാവധി 05 വർഷം) / സർക്കാർ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ രേഖ എന്നിവ കൈവശം സൂക്ഷിക്കണം.

9. മുൻ വർഷങ്ങളിൽ നിന്നും വിഭിന്നമായി സ്പോർട്സ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട എന്നിവയ്ക്ക് പ്രത്യേകം ഓൺലൈൻ രജിസ്ട്രേഷൻ നടത്തണം. ഇവയുടെ അപേക്ഷകൾ കോളേജിൽ നേരിട്ട് സമർപ്പിക്കേണ്ടതില്ല. വിശദ വിവരങ്ങൾ പത്ര കുറിപ്പായും, പ്രവേശന വെബ്സൈറ്റിലും ലഭ്യമാക്കുന്നതാണ്.

10. സ്വാശ്രയകോളേജുകൾ, യു.ഐ.ടി.കൾ എന്നിവിടങ്ങളിൽ അപേക്ഷിക്കുവാൻ താല്പര്യമുള്ളവർ ബന്ധപ്പെട്ട കോളത്തിൽ "യെസ്" എന്ന് നൽകണം.

11. പ്ലസ് ടു പാസായ വർഷം, ബോർഡ്, സ്കീം, രജിസ്റ്റർ നമ്പർ, എത്രാമത് തവണ പാസ്സായി എന്നിവ കൃത്യതയോടെ നൽകേണ്ടതാണ്.

12. 2018-19 അധ്യയന വർഷത്തിൽ കേരള ഹയർ സെക്കൻഡറി / വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷ പാസ്സായവർ രജിസ്റ്റർ നമ്പറും, വർഷവും നൽകുമ്പോൾ തന്നെ പ്ലസ് ടു പരീക്ഷക്ക് ലഭിച്ച മാർക്കുകൾ തനിയെ രേഖപ്പെടുത്തപ്പെടും.

13. ഓപ്ഷനുകൾ നൽകുന്നത് ശ്രദ്ധാപൂർവം ചെയ്യുക. വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള കോളേജുകളും കോഴ്സുകളും മാത്രം നൽകുക.

    സ്വാശ്രയ കോളേജുകളിലും യു.ഐ.ടി.കളിലും ഉയർന്ന ഫീസ് നിരക്കാണ്. ആയതിനാൽ സ്വാശ്രയ കോളേജുകളും യു.ഐ.ടി.കളും ഓപ്ഷനായി നൽകുന്നതിന് മുൻപ് ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

14. ഓപ്പൺ സ്കൂൾ, മറ്റു സംസ്ഥാന ബോർഡുകളുടെ പരീക്ഷ പാസ്സായ വിദ്യാർത്ഥികൾ പ്രവേശന സമയത്ത് തുല്യതാ സർട്ടിഫിക്കറ്റ് (എലിജിബിലിറ്റി സർട്ടിഫിക്കറ്റ്) ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാക്കണം.

15. രജിസ്ട്രേഷൻ പൂർത്തിയായാൽ പ്രിൻറൗട്ട് എടുത്ത് സൂക്ഷിക്കുക.

16. തിരുത്തലുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ രജിസ്ട്രേഷൻ അവസാനിക്കുന്നതിനു മുൻപ് അവ വരുത്തി പുതിയ പ്രിൻറ് ഔട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

17. ഓൺലൈൻ രജിസ്ട്രേഷന്റെ പ്രിന്റൗട്ട് സർവ്വകലാശാലയിലേക്ക് അയക്കേണ്ടതില്ല. ആയത് പ്രവേശന സമയത്ത് ബന്ധപ്പെട്ട കോളേജിൽ ഹാജരാക്കിയാൽ മതിയാകും.

18. ഫീസുകൾ എല്ലാം തന്നെ ഓൺലൈൻ ആയി മാത്രം അടക്കുക. ചലാൻ വഴിയുള്ള ഫീസടവ് നിർത്തലാക്കിയിട്ടുണ്ട്.

19. എസ്.ഇ.ബി.സി. സംവരണം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് കൈവശം കരുതേണ്ടതാണ്.

20. ജാതി/വരുമാനം മുതലായ സർട്ടിഫിക്കറ്റുകൾ പ്രവേശനത്തിനു മുൻപ് തന്നെ കരുതി വയ്ക്കേണ്ടതാണ്